## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *501 18.05.2017- ൽ മറുപടിക്ക്**

## "സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയിൽ സ്വകാര്യ സംരംഭകരുടെ സജീവ പങ്കാളിത്തം"

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ. വിജയൻ പിള്ള<br>,, റ്റി.വി.രാജേഷ്<br>,, കെ.ഡി. പ്രസേനൻ<br>,, പുരുഷൻ കടലുണ്ടി | ശ്രീ. എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയിൽ സ്വകാര്യ സംരംഭകരുടെ സജീവ പങ്കാളിത്തം അനിവാര്യമാണ് എന്നതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നത്; | എ), ബി) & സി) | സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട ഇട ത്തരം വ്യവസായ മേഖലയിലെ വികസന ത്തിനും മറ്റു പ്രവർത്തനങ്ങൾക്കുമായി 2017-18 സാമ്പത്തിക വർഷത്തേക്ക് 138.01 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>സൂക്ഷ്മ ചെറുകിട യൂണിറ്റുകൾക്ക് മൂലധന പിന്തുണ വഴി കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയും കൂടുതൽ മൂലധന നിക്ഷേപവും വിറ്റുവരുവും സാധ്യ മാക്കുന്നതിന് തുടങ്ങിയ പദ്ധതിയായ സംരംഭകത്വ സഹായ പദ്ധതിയിലൂടെ 2016 -2017 സാമ്പത്തിക വർഷത്തിൽ സ്റ്റാർട്ടപ്/ ടെക്നിക്കൽ സബ്സിഡിയായി 98 എം.എസ്.എം.ഇ യൂണിറ്റുകൾക്കും ഇൻവെ സ്റ്റ്മെന്റ് സപ്പോർട്ടായി 939 യൂണിറ്റു കൾക്കും സ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റ് സബ്സിഡി യായി 64 യൂണിറ്റുകൾക്കും സാമ്പത്തിക സഹായം നൽകി. ഇതിനുപുറമേ സ്വകാര്യ സ്ഥലഉടമകൾക്ക് അവരുടെ സ്ഥലം എല്ലാ അടിസ്ഥാന സൗകര്യങ്ങളു മുള്ള വ്യവസായിക ഏരിയ/പാർക്കുകൾ/ എസ്റ്റേറ്റുകൾ രൂപാന്തരപ്പെടുത്തി കൂടുതൽ |
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചെറുകിട വ്യവസായ മേഖലകളിൽ മൂലധന നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; ഇതു മൂലം കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണ്; | | |
| സി) | സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾ ആരംഭിക്കുന്നതിന് പുതിയ സംരംഭകരെ ആകർഷിക്കുവാൻ കഴിയുന്ന തരത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യുമോ? | | |

| | | | |
|---|---|---|---|
| | | | സംരംഭങ്ങൾ ആരംഭിക്കുന്നതിന് സൗകര്യം ഒരുക്കുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു. വ്യവസായ ഏരിയ/ പ്ലോട്ട് എന്നിവയിലെ സ്ഥലദൗർലഭ്യം കണക്കിലെടുത്ത് വേളി, ഷൊർണ്ണൂർ, പുന്നപ്ര, പുഴയ്ക്കൽപാടം (രണ്ടാം ഘട്ടം) എന്നിങ്ങനെ നാല് ബഹുനില വ്യവസായ എസ്റ്റേറ്റുകൾക്ക് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>സംരംഭകർക്ക് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിനും, അവർ നേരിടുന്ന സാങ്കേതിക പ്രശ്നങ്ങൾ പ രിഹരിക്കുന്നതിനു വേണ്ടിയും 14 ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ രൂപീകരിച്ചിട്ടുണ്ട്.<br><br>പുതിയ സംരംഭകരെ കണ്ടെത്തുന്നതിനും മാനേജീരിയൽ, ടെക്നിക്കൽ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനുമായി സംസ്ഥാനത്തൊട്ടാകെ സെമിനാറുകൾ, എക്സിബിഷനുകൾ, ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്, സ്കിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം , സംരംഭക ക്ലബ്ബുകൾ തുടങ്ങിയ പരിപാടികൾ നടത്തി വരുന്നു.<br><br>2017 മാർച്ച് വരെ ലഭ്യമായ കണക്കുകൾ പ്രകാരം ഇ.ഡി.പി യിൽ ആകെ 616 പേർ പങ്കെടുത്തു . 118 യൂണിറ്റുകൾ ആരംഭിച്ചു. വിദ്യഭ്യാസ സ്ഥാപനങ്ങളിൽ നടത്തിയ 100 പ്രോഗ്രാമുകളിൽ (EAP - |

| | | | |
|---|---|---|---|
| | | | Employment Assistance Programme) ആകെ 15460 പേർ പങ്കെടുത്തു. നിക്ഷേപ സംഗമത്തിൽ 1868 പേർ പങ്കെടുക്കുകയും 8472.81 ലക്ഷം രൂപയുടെ നിക്ഷേപവും ഉണ്ടായി. ടെക്നോളജി ക്ലിനിക്കിൽ 877 പേർ പങ്കെടുക്കുകയും 196 യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br>സംരംഭക വികസന ക്ലബ്ബുകൾ വഴി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് ബോധവത്കരണ പരിപാടികൾ നടത്തിവരുന്നു. 2016-2017 വർഷത്തിൽ 280 ക്ലബ്ബുകളിലായി 7000 വിദ്യാർത്ഥികൾ പങ്കാളികളായി<br>2016 -17 സാമ്പത്തിക വർഷത്തിൽ സൂക്ഷ്മ ചെറുകിട വ്യവസായ മേഖലയിൽ 15535 യൂണിറ്റുകൾ ആരംഭിക്കുകയും ഇതുവഴി സംസ്ഥാനത്ത് 1387.11 കോടി രൂപയുടെ മൂലധന നിക്ഷേപം ഉണ്ടായതായും കണക്കാക്കുന്നു.<br>വിദ്യാസമ്പന്നരായ യുവസംരംഭകരെയും വിദ്യാർത്ഥികളെയും സംരംഭകരംഗത്തേക്ക് ആകർഷിച്ചുകൊണ്ട് അവരിൽ ആത്മവിശ്വാസവും ജീവിത വിജയവും വളർത്താൻ സഹായിക്കുന്ന രീതിയിൽ ഒരു സംരംഭക സംസ്കാരം വളർത്തിയെടുക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു.<br>എം.എസ്.എം.ഇ. മേഖലയിൽ 2017-18 ൽ 17500 സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഉതകുന്ന സഹായ സഹകരണങ്ങൾക്ക് |

| | | | |
|---|---|---|---|
| | | | കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സ്കീമുകളുടെയും വിവിധ വകുപ്പുകളുടെ പ്രോജക്ടുകളുടെയും ഏകോപനം ഉറപ്പുവരുത്തിക്കൊണ്ട് നേതൃത്വം നൽകുന്നുണ്ട്. ഇതു വഴി 2000 കോടി രൂപയുടെ നിക്ഷേപവും 75000 തൊഴിലവസരങ്ങളും പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ഓഫീസർ**